ഉത്തരം

(എ) അക്കൗണ്ടന്റ് ജനറലിന്റെ 2004 മാർച്ച് 31 വരെയുള്ള താൽക്കാലിക കണക്ക് പ്രകാരം റവന്യു കമ്മി 3771.08 കോടി രൂപയാണ്.

(ബി) 2003-2004-ലെ ബഡ്ജറ്റ് എസ്റ്റിമേറ്റ് പ്രകാരം 2665.03 കോടി രൂപയും പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരം 3676.23 കോടി രൂപയും.

(സി) അക്കൗണ്ടന്റ് ജനറലിന്റെ താൽക്കാലിക കണക്കനുസരിച്ച് 2003-2004-ലെ റവന്യു കമ്മി ബഡ്ജറ്റിൽ വിഭാവന ചെയ്തിരുന്നതിലും അധികമാണ്. ജീവനക്കാർക്കും പെൻഷൻകാർക്കും ബഡ്ജറ്റിൽ വിഭാവന ചെയ്തിരുന്നതിലും അധികമായി അനുവദിച്ച ക്ഷാമബത്ത, വൈദ്യുത ബോർഡിന്റെ ബാദ്ധ്യത ഏറ്റെടുത്തതുമൂലമുണ്ടായ അധിക പലിശ ബാദ്ധ്യത, വൈദ്യുത ബോർഡിനു നൽകിയ സബ്സിഡി തുടങ്ങിയവ ബഡ്ജറ്റ് എസ്റ്റിമേറ്റിലും അധികമായുള്ള റവന്യു ചെലവിനു കാരണമായി.

ഭൂമിയുടെ ന്യായവില നിർണ്ണയിക്കുന്നതിലുണ്ടായ സാങ്കേതിക തടസ്സങ്ങൾ മൂലം 'മുദ്രപത്രങ്ങളും രജിസ്ട്രേഷൻ ഫീസ്' ഇനത്തിൽ പ്രതീക്ഷിച്ച വരുമാനം ലഭിച്ചിട്ടില്ല. വിൽപ്പന നികുതിയിനത്തിലും എക്സൈസ് ഡ്യൂട്ടിയിനത്തിലും പ്രതീക്ഷിച്ച വരുമാനം ലഭിച്ചില്ല. കേന്ദ്ര സർക്കാരിൽ നിന്നും ലഭിക്കേണ്ട ഗ്രാന്റ് പൂർണ്ണ തോതിൽ ലഭിച്ചില്ല. ഇക്കാരണങ്ങളാൽ റവന്യു വരുമാനം ബഡ്ജറ്റിൽ പ്രതീക്ഷിച്ചിരുന്നതിനേക്കാൾ കുറവായിരുന്നു.

റവന്യു കമ്മിയുടെ വർദ്ധന

6 [1975] ശ്രീ. എം. എ. വാഹീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം റവന്യു കമ്മിയുടെ വർദ്ധന എത്രയാണെന്ന് വർഷം തിരിച്ച് വെളിപ്പെടുത്തുമോ;

(ബി) ഈ കാലയളവിൽ ഓരോ വർഷവും റവന്യു കമ്മിയുടെ വർദ്ധനവിന്റെ ശതമാനം എത്ര;

(സി) ഇങ്ങനെയുണ്ടാകുന്ന വർദ്ധന ഇല്ലാതാക്കാൻ സർക്കാർ സ്വീകരിച്ച നടപടികളുടെ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) മുൻവർഷത്തെ അപേക്ഷിച്ച് 2001-2002-ലെ റവന്യു കമ്മി 541.42 കോടി രൂപ കുറവായിരുന്നു. 2002-2003-ലെ റവന്യു കമ്മി 2001-2002 വർഷത്തെ അപേക്ഷിച്ച് 1513.02 കോടി രൂപ അധികമായിരുന്നു. അക്കൗണ്ടന്റ് ജനറലിന്റെ താൽക്കാലിക കണക്കനുസരിച്ച് 2003-2004-ൽ റവന്യു കമ്മി മുൻവർഷത്തെ അപേക്ഷിച്ച് 347.58 കോടി രൂപ കുറവാണെന്ന് കാണുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) 2001-2002-ൽ റവന്യൂ കമ്മിയിൽ മുൻവർഷത്തേതിൽ നിന്നും 17.20 ശതമാനം കുറവും 2002-2003-ൽ മുൻവർഷത്തേതിൽ നിന്നും 58 ശതമാനം വർദ്ധനവും ഉണ്ടായി. അക്കൗണ്ടന്റ് ജനറലിന്റെ താൽക്കാലിക കണക്ക് പ്രകാരം 2003-2004-ൽ മുൻവർഷത്തേതിൽ നിന്നും 8.44 ശതമാനം റവന്യൂ കമ്മിയിൽ കുറവ് ഉണ്ടായിട്ടുണ്ട്.

(സി) റവന്യൂ പിരിവ് ഊർജ്ജിതപ്പെടുത്തിയും ഉയർന്ന പലിശനിരക്കിലുണ്ടായിരുന്ന കേന്ദ്ര വായ്പകളുടെ ഗണ്യമായ ഭാഗം തിരിച്ചടയ്ക്കുന്ന ഡെപ്റ്റ് സ്വാപ്പ് പദ്ധതി പ്രകാരം പലിശയിനത്തിലുള്ള ചെലവ് കുറച്ചുകൊണ്ടും റവന്യൂ കമ്മി കുറയ്ക്കാൻ ശ്രമിച്ചുവരുന്നു.

എ.ഡി.ബി.-യിൽ നിന്നുമുള്ള രണ്ടാം ഗഡു തുക

7 [1976] ശ്രീ. വി. കെ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏഷ്യൻ ഡെവലപ്പ്മെന്റ് ബാങ്കിൽ നിന്ന് രണ്ടാം ഗഡു തുകയായി എത്ര കോടി രൂപയാണ് സംസ്ഥാനത്തിന് ലഭിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിനുവേണ്ടി എ.ഡി.ബി. പ്രതിനിധികളുമായി സർക്കാർ ചർച്ച നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) രണ്ടാം ഗഡു വായ്പ ലഭിക്കുന്നതിന് ഭരണ നവീകരണവുമായി ബന്ധപ്പെട്ട് എ.ഡി.ബി. എന്തെങ്കിലും നിർദ്ദേശങ്ങൾ ഉന്നയിച്ചിട്ടുണ്ടോ; എങ്കിൽ അവ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ഡി) ഇതു സംബന്ധിച്ച് എടുത്തിട്ടുള്ള തീരുമാനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) 125 മില്യൻ ഡോളർ കേന്ദ്ര സർക്കാർ വഴി ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) ഇല്ല.

(സി) രണ്ടാം ഗഡു വായ്പ ലഭിക്കുന്നതിനുള്ള വ്യവസ്ഥകൾ അനുബന്ധമായി കൊടുത്തിട്ടുള്ള പോളിസി മാട്രിക്സിൽ കാണാവുന്നതാണ്.†

(ഡി) വ്യവസ്ഥകൾ നടപ്പിലാക്കുവാനാണ് തീരുമാനിച്ചിട്ടുള്ളത്.

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly